LIBRARY ARCHIVES Kerala Legislative Assembly

(സി) പൂർണ്ണമായും വനമേഖലയിലുള്ള പ്രസ്തുത സ്ഥലം സംബന്ധിച്ച കേസും നൂറ് വർഷത്തിലധികമായി ജനങ്ങൾ വീട് കെട്ടി താമസിക്കുന്ന മറ്റ് മേഖലകളിലെ പട്ടയം അപേക്ഷയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കേസ് പട്ടയം നൽകുന്നതിന് തടസം സൃഷ്ടിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

വലിയകാവ് റിസർവ് വന മേഖലയിൽപ്പെട്ട സ്ഥലങ്ങളിലെ പട്ടയം നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ മുമ്പാകെയുള്ള പ്രൊപ്പോസലിന്മേലുള്ള അനുമതിയുടെയും ബഹു. കോടതികളുടെ മുമ്പാകെയുള്ള വിവിധ കേസുകളുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ജനവാസ മേഖലകളിലുള്ളവരുടെ അപേക്ഷ പരിഗണിച്ച് പട്ടയം ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ?

6-8-2021-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം അനുസരിച്ച് പത്തനംതിട്ട ജില്ലയിലെ 1-1-1977-ന മുമ്പ് വനഭൂമി കയ്യേറിയവരുടെ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ പരിഗണനയിലിരിക്കുന്ന പ്രൊപ്പോസലിന്മേലുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ വനം വകുപ്പിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. വനഭൂമിക്ക് പുറത്തുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്.

ആലത്തൂർ മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ

143(889) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ ഏതൊക്കെയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ളത് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.